പതിനാലാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-21)

## നൂറ്റിപതിമൂന്നാമത് റിപ്പോർട്ട്

(18.01.2021-ന് സഭയിൽ സമർപ്പിച്ചത്)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021


FCB2A/JK/PUC/Draft Report/Theeradesavikasana../4.1.21

പതിനാലാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-21)

## നൂറ്റിപതിമൂന്നാമത് റിപ്പോർട്ട്

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡിനെ സംബന്ധിച്ച്
(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയുള്ളത്)

FCB2A/JK/PUC/Draft Report/Theeradesavikasana../4.1.21

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | |
| ആമുഖം | : | |
| റിപ്പോർട്ട് | : | 1 |

അനുബന്ധം - 1

സമിതിയുടെ നിഗമനങ്ങളും ശിപാർശകളും

അനുബന്ധം - 2

ഓഡിറ്റ് ഖണ്ഡികയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി

# സമിതിയുടെ ഘടന (2019-21)

**അദ്ധ്യക്ഷൻ**

ശ്രീ. സി. ദിവാകരൻ

**അംഗങ്ങൾ**

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ.എസ്. രാജേന്ദ്രൻ

ശ്രീ. രാജു എബ്രഹാം

ശ്രീ. സണ്ണി ജോസഫ്

ശ്രീ. എം. ഉമ്മർ

ശ്രീ. പി. ഉണ്ണി

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രജി ഡി.ഒ., അണ്ടർ സെക്രട്ടറി

## ആമുഖം

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-21)യുടെ അദ്ധ്യക്ഷനായ ഞാൻ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.4, 2016 മാർച്ച് 31-ന് അവസാനിച്ച ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2.5.3-മേലും തയ്യാറാക്കിയ 113-ാമത് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നു.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 28-6-2016-ാം തീയതിയും 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 23-5-2017-ലും സഭയിൽ സമർപ്പിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-21) -ന്റെ 1.10.2019-ൽ കൂടിയ സമിതിയോഗം ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുമായി ബന്ധപ്പെട്ട് മത്സ്യബന്ധനവും തുറമുഖവും വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി.

സമിതി (2019-21) -ന്റെ 23-12-2020-ലെ യോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഓഡിറ്റ് ഖണ്ഡിക പരിഗണനാ വേളയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളയ്ക്കും തെളിവെടുപ്പിനു ഹാജരായി സമിതി ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയ മത്സ്യബന്ധനവും തുറമുഖവും വകുപ്പിലെയും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡിലെയും ഉദ്യോഗസ്ഥർക്ക് സമിതി നന്ദി അറിയിക്കുന്നു.

**തിരുവനന്തപുരം**
**23.12.2020.**

**സി.ദിവാകരൻ**
**അദ്ധ്യക്ഷൻ**
**പൊതുമേഖലാ സ്ഥാപനങ്ങളെ**
**സംബന്ധിച്ച സമിതി**

## റിപ്പോർട്ട്

## കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡിനെ സംബന്ധിച്ചത്

### ഒഴിവാക്കപ്പെടാമായിരുന്ന കോർപ്പറേറ്റ് നികുതി - ഓഡിറ്റ് ഖണ്ഡിക 3.4 (2014-15)

**സർക്കാർ പദ്ധതികളുടെ വിനിയോഗിക്കപ്പെടാത്ത ധനത്തിന് ലഭിച്ച പലിശ തെറ്റായി കണക്കിൽപ്പെടുത്തിയത് മൂലം കോർപ്പറേറ്റ് നികുതി ഇനത്തിൽ ഒഴിവാക്കപ്പെടാമായിരുന്ന ₹1.29 കോടിയുടെ അടവ്.**

സംസ്ഥാനത്തെ സുസ്ഥിര മത്സ്യ വികസന പരിപാടികളുടെ ആസൂത്രണം, വിവിധ പദ്ധതി രൂപീകരണം, അവയുടെ നടത്തിപ്പ് എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനമാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് (കമ്പനി). ഈ ലക്ഷ്യത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ വിവിധ വികസന പദ്ധതികളുടെ നടത്തിപ്പുകൾക്കായി കമ്പനി പ്രവർത്തിച്ചുപോരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഏജൻസികൾ, വകുപ്പുകൾ തുടങ്ങിയവയിൽ നിന്നും ഗ്രാന്റ് തുകകൾ മുൻകൂറായി കമ്പനിക്ക് ലഭിച്ചുവന്നിരുന്നു. ഈ പദ്ധതി നടത്തിപ്പിന്റെ കൺസൾട്ടൻസി ഫീസ് ഇനത്തിൽ സർക്കാർ നിശ്ചയിച്ച തുകകളും കമ്പനിക്ക് ലഭിച്ചിരുന്നു.

ജനറലി അക്സെപ്റ്റഡ് അക്കൗണ്ടിംഗ് പ്രിൻസിപ്പിൾസ് ആൻഡ് കൺവെൻഷൻ (ജി.എ.എ.പി) പ്രകാരം സർക്കാർ പദ്ധതികളുടെ വിനിയോഗിക്കപ്പെടാത്ത ധനത്തിൻമേലുള്ള പലിശ, കമ്പനിയുടെ വരുമാനം ആയി പരിഗണിക്കപ്പെടാവുന്നതാണ് എന്ന് സർക്കാർ ഉത്തരവുകളിലോ കരാറുകളിലോ നിഷ്കർഷിക്കപ്പെടാത്തപക്ഷം ഈ പലിശ വരുമാനം കമ്പനിയുടെ വരുമാനം ആയി കണക്കാക്കാൻ പാടുള്ളതല്ല. ജി.എ.എ.പി. അനുസരിച്ച്, വിനിയോഗിക്കപ്പെടാത്ത ഗ്രാന്റിനു ലഭിച്ച പലിശ ഗ്രാന്റ് തുകയോടൊപ്പം കൂട്ടേണ്ടതാണ്.

കേന്ദ്ര സർക്കാരിൽ നിന്നും അവയുടെ ഏജൻസികളിൽ നിന്നും (₹69.89 കോടി) സംസ്ഥാന സർക്കാരിൽ നിന്നും അവയുടെ ഏജൻസികളിൽ നിന്നും (₹66.20 കോടി) പദ്ധതി നടത്തിപ്പിനായി ₹136.09 കോടി 2012-13-ന് അവസാനിച്ച 4 വർഷ കാലയളവിൽ കമ്പനിക്ക് ലഭിച്ചു. ഇവയിൽ ₹6.57 കോടി (2009-10) തൊട്ട്

₹39.29 കോടി (2012-13) വരെയുള്ള വിനിയോഗിക്കപ്പെടാത്ത പദ്ധതി തുകകൾ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചതിൽ നിന്നും ₹5.77 കോടി പലിശ വരുമാനം കമ്പനിക്ക് ലഭിച്ചു.

മറ്റ് സർക്കാർ ഉത്തരവുകളിലോ കമ്പനിക്ക് ഗ്രാന്റ് തുക അനുവദിച്ച സർക്കാർ ഉത്തരവുകളിലോ, വിനിയോഗിക്കപ്പെടാത്ത ഗ്രാന്റ് തുക നിക്ഷേപിച്ചതിൽ നിന്നും ലഭിക്കുന്ന പലിശ കമ്പനിയുടെ വരുമാനം ആയി കണക്കാക്കാം എന്ന് നിഷ്കർഷിച്ചിരുന്നില്ല. ആയതിനാൽ വിനിയോഗിക്കപ്പെടാത്ത ഗ്രാന്റിൽ നിന്ന് ലഭിച്ച പലിശ ഗ്രാന്റ് തുകയുടെ കൂടെ ചേർക്കേണ്ടത് ആയിരുന്നു.

ജി.എ.എ.പി.യിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി 2009-10 മുതൽ 2012-13 വരെ ലഭിച്ച ₹5.77 കോടിയുടെ പലിശ വരുമാനം കമ്പനിയുടെ വരുമാനം ആയി കണക്കിൽപ്പെടുത്തിയതായി രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. തന്മൂലം നികുതി ചുമത്താവുന്ന കമ്പനിയുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാവുകയും തത്ഫലമായി കോർപ്പറേറ്റ് നികുതി ഇനത്തിൽ കമ്പനി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഒടുക്കിയ ₹1.29 കോടിയുടെ അടവ് ഒഴിവാക്കാനാവുന്നതുമായിരുന്നു.

**പട്ടിക 3.11 : കമ്പനിയുടെ നികതി ബാധ്യത സൂചിപ്പിക്കുന്ന വിവരണം (₹ ലക്ഷത്തിൽ)**

| വർഷം | ആദായ നിർണ്ണയ വർഷം | പലിശ വരുമാനം | വിനിയോഗിക്ക- പ്പെടാത്ത ഗ്രാന്റിന്റെ പലിശ വരുമാനത്തിൽ ഉൾപ്പെടുത്തിയത് | | വിനിയോഗിക്ക- പ്പെടാത്ത ഗ്രാന്റിന്റെ പലിശ വരുമാനം ആകെ വരുമാനത്തിൽ നിന്നും ഒഴിവാക്കിയാൽ | |
|---|---|---|---|---|---|---|
| | | | നികുതി ചുമത്താ-വുന്ന വരുമാനം | നികുതി ബാധ്യത[28] | നികുതി ചുമത്താ-വുന്ന വരുമാനം | നികുതി ബാധ്യത |
| 2009-10 | 2010-11 | 13.26 | 9.95 | 3.07 | (-) 3.31 | ശൂന്യം |
| 2010-11 | 2011-12 | 136.39 | 121.75 | 40.44 | (-) 14.64 | ശൂന്യം |
| 2011-12 | 2012-13 | 129.45 | 133.69 | 43.38 | 4.24 | ശൂന്യം[29] |
| 2012-13 | 2013-14 | 297.43 | 128.77 | 41.78 | (-)168.66 | ശൂന്യം |
| **ആകെ** | | **576.53** | | **128.67** | | ശൂന്യം |

28 ഇൻകം ടാക്സ് ആക്ട് 1961-ന്റെ വ്യവസ്ഥകൾ പാലിക്കാത്തത് മൂലം ഒടുക്കേണ്ടി വന്ന പലിശ തുക ഒഴിവ്.

29 ഇൻകം ടാക്സ് ആക്ട് 1961, വകുപ്പ് 80 പ്രകാരം വാണിജ്യ നഷ്ടം 8 (കണക്കാക്കല് വർഷം) അസ്സെസ്സ്മെന്റ് വർഷത്തേക്ക് (മുന്നോട്ട് കൊണ്ടുപോകാവുന്നതും) കാരി ഫോർവേർഡ് ചെയ്യാവുന്നതും വാണിജ്യവരുമാനത്തിൽ തട്ടി കിഴിക്കാവുന്നതുമാണ്. ആ സ്ഥിതിക്ക് 2010-11, 2011-12 എന്നി അസ്സെസ്സ്മെന്റ് വർഷത്തെ യഥാക്രമം ₹3.31 ലക്ഷത്തിന്റെയും ₹14.64 ലക്ഷത്തിന്റെയും വാണിജ്യ നഷ്ടം 2012-13 അസ്സെസ്സ്മെന്റ് വർഷത്തെ വരുമാനമായ ₹4.24 ലക്ഷവുമായി തട്ടിക്കിഴിക്കാവുന്നത് ആയിരുന്നു.

ഇപ്രകാരം വിനിയോഗിക്കപ്പെടാത്ത ഗ്രാന്റിൽ നിന്ന് ലഭിച്ച പലിശ വരുമാനം സ്വന്തം വരുമാനം ആയി തെറ്റായി രേഖപ്പെടുത്തിയതുമൂലം, കോർപ്പറേറ്റ് നികുതി ഇനത്തിൽ കമ്പനി ഒടുക്കേണ്ടി വന്ന ₹1.29 കോടിയുടെ ചിലവ് ഒഴിവാക്കാമായിരുന്നു.

സർക്കാർ ഗ്രാന്റിന്റെ സ്ഥിരനിക്ഷേപത്തിൽ നിന്നും ലഭിച്ച പലിശ വരുമാനം കണക്കിലെടുത്തത് മൂലം കമ്പനിയുടെ ലാഭം കൂട്ടി കാണിച്ചിട്ടുണ്ട് എന്ന് കമ്പനിയുടെ 2010-11 വർഷത്തെ വാർഷിക കണക്കുകളുടെ അനുപൂരക ഓഡിറ്റിൽ സി.എ.ജി. വിലയിരുത്തിയിട്ടുണ്ട്.

കേന്ദ്ര സർക്കാർ ഏജൻസികളിൽ നിന്ന് ലഭ്യമായ ധനം സ്ഥിരനിക്ഷേപം നടത്തിയത് മൂലം ലഭിച്ച പലിശ വരുമാനം കമ്പനിയുടെ വരുമാനം ആയി കണക്കിൽപ്പെടുത്തിയത് കമ്പനി നിയമം 1956-ന്റെ അനുബന്ധം-VI ന് വിധേയം ആയിട്ടാണ് എന്ന് കമ്പനി ബോധിപ്പിച്ചു. (സെപ്റ്റംബർ 2015)

കമ്പനിയുടെ മറുപടി സ്വീകാര്യം അല്ല എന്തെന്നാൽ, വിനിയോഗിക്കപ്പെടാത്ത ഗ്രാന്റിൽ നിന്ന് ലഭിച്ച പലിശ വരുമാനം ആയി കണക്കാക്കാം എന്ന് അനുബന്ധം VI-ൽ[30] നിഷ്കർഷിച്ചിട്ടില്ല.

ജി.എ.എ.പി. പ്രകാരം ആയിരുന്നു പലിശ വരുമാനം കണക്കിൽപ്പെടുത്തേണ്ടിയിരുന്നത്. ഇത് ലംഘിച്ചത് മൂലം ഇക്കാര്യത്തിൽ ഒഴിവാക്കാമായിരുന്ന കോർപ്പറേറ്റ് നികുതി ഒടുക്കേണ്ടി വന്നു.

കേന്ദ്ര മത്സ്യ വികസന ബോർഡ്, ജില്ല ടൂറിസം വികസന കോർപ്പറേഷൻ മുതലായവക്ക് വേണ്ടി കൺസൾട്ടൻസി ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന അംഗീകൃത ഏജൻസി ആണ് കമ്പനി എന്നും ഇതിനായി ലഭിച്ച പണം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചതിൽ നിന്നും ലഭിച്ച പലിശ കമ്പനിയുടെ വരുമാനം ആയി കണക്കാക്കിയിട്ടുണ്ട് എന്നും സർക്കാർ മറുപടി നൽകി (നവംബർ 2015).

30 ബാലൻസ് ഷീറ്റിന്റെ രൂപം; പ്രോഫിറ്റ് ആന്റ് ലോസ് അക്കൗണ്ട്, ഇന്റർപ്രട്ടേഷണൻ, ബാലൻസ് ഷീറ്റ്, അബ്സ്ട്രാക്റ്റ് എന്നിവയുടെ ആവശ്യകോപാധികൾ, കമ്പനിയുടെ പൊതുവ്യാപാര രൂപരേഖ എന്നിവ.

സർക്കാരിന്റെ മറുപടി സ്വീകാര്യം അല്ല എന്തെന്നാൽ സർക്കാർ ഉത്തരവുകളിലോ കേന്ദ്ര മത്സ്യ വികസന ബോർഡിന്റെ ധാരണാപത്രത്തിലോ (എം.ഒ.യു.) വിവിധ പദ്ധതികളുടെ വിനിയോഗിക്കപ്പെടാത്ത ഗ്രാന്റിന്മേലുള്ള പലിശ കമ്പനിയുടെ വരുമാനം ആയി കണക്കാക്കാൻ നിഷ്കർഷിച്ചിട്ടില്ല. കൂടാതെ കേന്ദ്ര മത്സ്യ വികസന ബോർഡും കമ്പനിയും തമ്മിലുള്ള ധാരണപത്രം പ്രകാരം ഗ്രാന്റ് തുകകളും വരവുകളും ഒരു പ്രത്യേക കറന്റ് അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതായിരുന്നു. ആയതിനാൽ വിനിയോഗിക്കപ്പെടാത്ത ഗ്രാന്റിനുള്ള പലിശ സ്വന്തം വരുമാനം ആയി കണക്കാക്കിയത് തെറ്റായിരുന്നു. കൂടാതെ ഗ്രാന്റ് ധനത്തിന്മേൽ ആണ് ഓഡിറ്റ് ഒബ്ജക്ഷൻ ഉന്നയിച്ചത് അല്ലാതെ കമ്പനിയുടെ കൺസൾട്ടൻസി ജോലിയിന്മേൽ അല്ല.

## ഓഡിറ്റ് ഖണ്ഡിക 3.2.5.3 (2015-16)

ചുവടെ കൊടുത്തിരിക്കുന്ന പട്ടിക പ്രകാരം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ്-ൽ നടത്തിയ 2 നിർമ്മാണപ്രവൃത്തികളിൽ ഗുണനിലവാരമില്ലായ്മയും ചട്ടങ്ങളുടെ ലംഘനവും ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു.

| | | |
|---|---|---|
| 1) | ₹2.28 കോടിക്ക് ശ്രീ. കെ. മണികണ്ഠന് നൽകപ്പെട്ട (ജനുവരി 2015) ഫിഷറീസ് വകുപ്പിനു വേണ്ടിയുള്ള മലപ്പുറം താനൂരിലെ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ എച്ച്. എസ്. & വി. എച്ച്. എസിന്റെ പുനരുദ്ധാരണം | വർക്കിന്റെ മണ്ണ് പരിശോധന റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന്റെ അടിത്തറക്ക് ഏറ്റവും ശ്രേഷ്ഠമായത് 1.5 മീറ്റർ മുതൽ 1.8 മീറ്റർ വരെ വ്യാസമുള്ള വലിയ ബോർഡ് പൈലുകളാണ്. മണ്ണ് പരിശോധനാ റിപ്പോർട്ടിലെ ശുപാർശ കൂട്ടാക്കാതെ പൈലിംഗിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിക്കാതെയാണ് കെ.എസ്. സി.എ.ഡി.സി. ദർഘാസ് വിളിച്ചതും വർക്ക് നൽകിയതും. ജൂലൈ 2016 ൽ ജോലി പൂർത്തീകരിക്കപ്പെട്ടു. |
| 2) | ₹0.44 കോടിക്ക് ശ്രീ. പി.ഐ. നൗഷാദിന് നൽകപ്പെട്ട (ജൂൺ 2015) ഫിഷറീസ് വകുപ്പിനു | ആവശ്യമായ പൈൽ ഫൗണ്ടേഷൻ കണക്കാക്കാതെയാണ് നബാർഡിന് സമർപ്പിക്കപ്പെട്ട മതിപ്പുതുക തയ്യാറാക്കിയത്. |

| | | |
|---|---|---|
| | വേണ്ടിയുള്ള തൃക്കുന്നപ്പുഴ ഗവൺമെന്റ് എൽ.പി.എസിന്റെ പുതിയ അക്കാഡമിക്ക് ബ്ലോക്കിന്റെ നിർമ്മാണം | ഇതു കാരണം ശുപാർശ ചെയ്യപ്പെട്ടതിനെക്കാളും ചെറിയ തോതിലുള്ള പൈലിന് ക്രമപ്പെട്ടുകൊണ്ട് അത്യാവശ്യ ചട്ടക്കൂട് (ചുറ്റുമതിലും ശൗച്യാലയ ബ്ലോക്കുകളും) ഒഴിവാക്കപ്പെടേണ്ടതായി വരികയും അങ്ങനെ കെട്ടിടത്തിന്റെ ഘടനാപരമായ ഉറപ്പിൽ സന്ധി ചെയ്യേണ്ടതായി വരികയും ചെയ്തു. |

[സി. & എ.ജി.യുടെ 31 മാർച്ച്, 2015-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.4, 31 മാർച്ച് 2016-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2.5.3 ]

ഓഡിറ്റ് ഖണ്ഡികകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടിക്കുറിപ്പുകൾ അനുബന്ധം- II ൽ ചേർത്തിരിക്കുന്നു.

**സമിതിയുടെ ചർച്ചയും കണ്ടെത്തലുകളും**

അക്കൗണ്ടിംഗ് സിസ്റ്റം കൃത്യമായി പാലിക്കാത്തതിനാൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡിന് (കമ്പനി) കോർപ്പറേറ്റ് നികുതി ഇനത്തിൽ ₹1.29 കോടി ഒടുക്കേണ്ടതായി വന്നുവെന്ന ഓഡിറ്റ് നിരീക്ഷണത്തിന്മേലുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് വിനിയോഗിക്കപ്പെടാത്ത പദ്ധതി തുക ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചതിൽ നിന്നും കമ്പനിയ്ക്ക് 5.77 കോടി രൂപയുടെ പലിശ ലഭിച്ചെന്നും കേന്ദ്ര മത്സ്യവികസന ബോർഡും കമ്പനിയും തമ്മിലുള്ള ധാരണാപത്രം പ്രകാരം ഗ്രാന്റ് തുകയും വരവും ഒരു പ്രത്യേക കറണ്ട് അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണെന്ന് വ്യവസ്ഥയുണ്ടെങ്കിലും അപ്രകാരം കറണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചാൽ കമ്പനിയ്ക്ക് പലിശയിനത്തിലുള്ള വരുമാനം ലഭിക്കില്ലെന്നും തീരദേശ വികസന കോർപ്പറേഷൻ എം.ഡി. സമിതിയെ അറിയിച്ചു. കൺസൾട്ടൻസി

ഫീസിനത്തിൽ ലഭിക്കുന്ന തുക കൊണ്ട് മാത്രമാണ് കമ്പനിയുടെ പ്രവർത്തനം മുന്നോട്ട് പോകുന്നതെന്ന് അദ്ദേഹം സൂചിപ്പിച്ചു.

സർക്കാർ പദ്ധതികളുടെ വിനിയോഗിക്കപ്പെടാത്ത ഗ്രാന്റുകളിന്മേലുള്ള പലിശ, കമ്പനിയുടെ വരുമാനമായി പരിഗണിക്കപ്പെടാവുന്നതാണെന്ന് സർക്കാർ ഉത്തരവുകളിലോ കരാറുകളിലോ നിഷ്കർഷിക്കപ്പെടാത്ത പക്ഷം പ്രസ്തുത പലിശ കമ്പനിയുടെ വരുമാനമായി കണക്കാക്കാൻ സാധിക്കുകയില്ലായെന്ന് എം.ഡി. വ്യക്തമാക്കി. സർക്കാരിൽ നിന്ന് അനുവാദം വാങ്ങിയാൽ മാത്രമേ ഗ്രാന്റിൽ നിന്ന് ലഭിച്ച പലിശ, കമ്പനിയുടെ വരുമാനമായി കണക്കാക്കാൻ സാധിക്കുകയുള്ളൂവെന്ന് എ.ജിയും അറിയിച്ചിട്ടുണ്ടെന്ന് എം.ഡി. കൂട്ടിച്ചേർത്തു.

വിനിയോഗിക്കപ്പെടാത്ത ഗ്രാന്റ് തുകയിന്മേൽ കമ്പനിയ്ക്ക് ലഭിച്ച പലിശ കമ്പനിയുടെ വരുമാനമായി കണക്കാക്കാൻ പാടില്ലെന്നും സർക്കാർ പദ്ധതികളുടെ വിനിയോഗിക്കപ്പെടാത്ത ധനത്തിന്മേലുള്ള പലിശ കമ്പനിയുടെ വരുമാനമായി പരിഗണിച്ചതിലൂടെ അക്സെപ്റ്റഡ് അക്കൗണ്ടിംഗ് പ്രിൻസിപ്പിൾസ് ആൻഡ് കൺവെൻഷൻ (ജി.എ.എ.പി.)-ന് വിരുദ്ധമായ നടപടിയാണ് കമ്പനി സ്വീകരിച്ചതെന്നും കമ്പനിയുടെ അക്കൗണ്ടിംഗ് വ്യവസ്ഥയുടെ പിഴവാണ് ഇത് സൂചിപ്പിക്കുന്നതെന്നും, വ്യവസ്ഥാപിത നിയമങ്ങൾ പാലിക്കാതിരുന്നത് മൂലം കോർപ്പറേറ്റ് നികുതി ഇനത്തിൽ 1.29 കോടി രൂപ അധികമായി ഒടുക്കേണ്ടി വന്നത് കമ്പനിയുടെ വീഴ്ചയാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ഓഡിറ്റ് ഖണ്ഡിക 3.2.5.3 യിലെ പട്ടിക 4, 5 എന്നീ ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ സമർപ്പിച്ച മറുപടി സമിതി അംഗീകരിച്ചു.

**സമിതിയുടെ നിഗമനങ്ങൾ/ശിപാർശകൾ**

1) സർക്കാർ പദ്ധതികളുടെ നടത്തിപ്പുകൾക്കായി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ഏജൻസികൾ, വകുപ്പുകൾ തുടങ്ങിയവയിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഗ്രാന്റ് തുകകളിലെ വിനിയോഗിക്കപ്പെടാത്ത ധനത്തിന്മേലുള്ള പലിശ, കമ്പനിയുടെ വരുമാനമായി കണക്കാക്കാൻ പാടില്ലെന്ന ജനറലി അക്സെപ്റ്റഡ് അക്കൗണ്ടിംഗ് പ്രിൻസിപ്പൽസ് ആന്റ് കൺവെൻഷന്

## അനുബന്ധം - 1

## സമിതിയുടെ നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | 1 | മത്സ്യബന്ധനവും തുറമുഖവും വകുപ്പ് | സർക്കാർ പദ്ധതികളുടെ നടത്തിപ്പുകൾക്കായി കേന്ദ്ര സംസ്ഥാന സർക്കാരുടെ ഏജൻസികൾ, വകുപ്പുകൾ തുടങ്ങിയവയിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഗ്രാന്റ് തുകകളിലെ വിനിയോഗിക്കപ്പെടാത്ത ധനത്തിന്മേലുള്ള പലിശ, കമ്പനിയുടെ വരുമാനമായി കണക്കാക്കാൻ പാടില്ലെന്ന ജനറലി അക്സപ്റ്റഡ് അക്കൗണ്ടിംഗ് പ്രിൻസിപ്പൽസ് ആന്റ് കൺവെൻഷന് (ജി.എ.എ.പി) വിരുദ്ധമായി 2009-10 മുതൽ 2012-13 വരെയുള്ള കാലയളവിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് പ്രവർത്തിച്ചതായി സമിതി നിരീക്ഷിക്കുന്നു. |
| 2. | 2 | മത്സ്യബന്ധനവും തുറമുഖവും വകുപ്പ് | 2009-13 കാലയളവിൽ കമ്പനിക്ക് ലഭിച്ച 5.77 കോടിയുടെ പലിശ വരുമാനം ജി.എ.എ.പി. വ്യവസ്ഥകൾക്ക് വിരുദ്ധമായി കണക്കാക്കിയതിനെത്തുടർന്ന് നികുതി ചുമത്താവുന്ന കമ്പനിയുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായതായും തത്ഫലമായി കമ്പനിക്ക് കോർപ്പറേറ്റ് നികുതി ഇനത്തിൽ മൊത്തം 1.29 കോടി രൂപ അധികമായി ഒടുക്കേണ്ടിവന്നതായും ചൂണ്ടിക്കാണിച്ച സമിതി വ്യവസ്ഥകൾ പാലിക്കുന്നതിൽ കമ്പനി വീഴ്ച വരുത്തിയതായും വിലയിരുത്തി. GAAP മാനദണ്ഡങ്ങൾ ഭാവിയിൽ കമ്പനി കൃത്യമായി പാലിക്കണമെന്നും വിനിയോഗിക്കപ്പെടാത്ത ഗ്രാന്റ് തുകകൾക്ക് ലഭിക്കുന്ന പലിശ, കമ്പനി നിയമം, സർക്കാർ ഉത്തരവ് എന്നിവയ്ക്ക് അനുസൃതമായി കണക്കാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 3. | 3 | മത്സ്യബന്ധനവും തുറമുഖവും വകുപ്പ് | കമ്പനി ജി.എ.എ.പി. അടക്കമുള്ള വ്യവസ്ഥാപിത നിയമങ്ങൾക്ക് വിധേയമായി പ്രവർത്തിക്കണമെന്നും ആയതിനനുസൃതമായ മാറ്റങ്ങൾ കമ്പനിയുടെ അക്കൗണ്ടിംഗ് വ്യവസ്ഥയിൽ വരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

Departmental notes on this report received on 21-2-2018.

GOVERNMENT OF KERALA

FISHERIES & PORTS (C) DEPARTMENT

Statement of action taken on the report of the Comptroller & Auditor General of India for the year ended 31st march 2015

| Sl.No | Para No | Department concerned | Conclusions/ Recommendations | Action Taken |
|---|---|---|---|---|
| 1 | 3.4 | Fisheries & Ports (C) Department. | Kerala State Coastal Area Development Corporation<br><br>Avoidable payment of corporate tax Erroneous accounting of interest earned on unutilised funds pertaining to Government projects resulted in avoidable payment of corporate tax amounting to Rs. 1.29 crore. | Kerala State Coastal Area Development Corporation is a Government Company incorporated with the main object "To plan, formulate and implement various sustainable development projects and programmes for the coastal communities in their economic activities and for their social development etc. Even though KSCADC is a Government company, it is not being sactioned any Government aid/Grant other than share capital investment of the Government of Kerala. KSCADC is undertaking civil works of Fisheries Department as well as so many other Governmental agencies such as KUFOS, FIRMA, KTDC etc, receiving only marginal consultancy charges. These consultancy charges are the main source of income of the company. At the same time, it is undertaking so many welfare schemes to fishermen community and their family members for which no consultancy charges are being received with these consultancy charges alone they cannot meet the establishment charges and other expenses.<br><br>They receive funds from various Governmental Agencies towards their civil works or projects. These funds are deposited in their current accounts with Banks/Treasury and payments are made out of these funds to the contractors towards their completed works duly after processing and passing bills.<br><br>Based on the project expenditure and other information available for the immediate /future payment, they transfer the excess funds in their Bank accounts to fixed deposits with Nationalized/scheduled Banks so as to generate additional income on the idle funds kept in the current accounts.<br><br>The company is not receiving any grant directly from Government since 2012. Funds given for state plan projects of Fisheries Department are deposited in the Treasury Savings Bank account of the District Treasury, Thiruvananthapuram for which no interest is received. No fund kept in the Treasury account is transferred to fixed deposits. All the payments are made from this account duly after verifying completed works and therefore the balance fund in each work is floating in nature. Only the surplus balance in the pool account for consultancy works is transferred to fixed deposit. So also it is not |

| | |
|---|---|
| | practical to transfer credit the interest received on fixed deposits as fund receipt of the respective works. Surplus funds converted into fixed deposits also includes, capital investment and accumulated profit of the company for prior years.<br><br>If the interest received cannot be treated as an income of the organisation, the company will fall into losses and even the survival of the company will be affected.<br><br>Considering the above facts audit objections in this regard may be dropped. |

20/2/18

മുഹമ്മദ് അൻസാരി
ഗവ: ജോയിന്റ് സെക്രട്ടറി & അപ്പീൽ അധികാരി
മത്സ്യബന്ധന തുറമുഖ വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്

# കേരള സർക്കാർ

## മത്സ്യബന്ധ തുറമുഖ (സി) വകുപ്പ്

## 31.03.2016-ലെ കംപ് ട്രോളർ & ആഡിറ്റർ ജനറൽ ന്റെ റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ്.

| ക്രമ നം | ഖണ്ഡിക നം | വകുപ്പ് | ഓഡിറ്റ് കണ്ടെത്തൽ | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 3.2.5.3<br>ഇനം നമ്പർ 4 | മത്സ്യബന്ധന തുറമുഖ (സി) വകുപ്പ് | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ<br><br>ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള മലപ്പുറം ജില്ലയിലെ താനൂർ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ & വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിന്റെ നവീകരണ ജോലി (2015 ജനുവരി) ശ്രീ. കെ. മണികണ്ഠന് 2.28 കോടി രൂപക്ക് നൽകിയത് സംബന്ധിച്ച്.<br><br>മണ്ണ് പരിശോധന റിപ്പോർട്ടിലെ പൈലിങ് സംബന്ധിച്ച ശുപാർശ അവഗണിച്ചു . | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സംസ്ഥാന സർക്കാരിനു കീഴിൽ ഒരു പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി രീതിയിൽ പ്രവൃത്തികൾ നടപ്പിലാക്കുന്ന ഒരു അക്രഡിറ്റഡ് ഏജൻസിയാണ്. നിർവ്വഹണ പ്രവർത്തികളുടെ അടങ്കലിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന കൺസൾട്ടൻസി ഫീസ് മാത്രമാണ് സ്ഥാപനത്തിന്റെ വരുമാനം. പ്രവർത്തികളുടെ ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്ന അവസരത്തിൽ അവയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി ഫണ്ട് ഒന്നും ലഭ്യമാകാറില്ല. ഈ സാഹചര്യത്തിൽ പ്രാദേശികമായി അന്വേഷണം നടത്തി മണ്ണിന്റെ ഘടനയ്ക്ക് അനുയോജ്യമായ ഫൗണ്ടേഷൻ AS എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും പിന്നീട് ഭരണാനുമതിയും ഫണ്ടും ലഭിച്ചശേഷം പ്രത്യേകം സോയിൽ ടെസ്റ്റ് നടത്തി റിപ്പോർട്ട് അനുസരിച്ച് ആവശ്യമുള്ള മാറ്റങ്ങൾ വരുത്തുകയുമാണ് ചെയ്തുവരുന്നത്. ഇത്തരത്തിൽ TS എസ്റ്റിമേറ്റ് തയ്യാറാക്കുന്ന അവസരത്തിൽ 10% കൂടുതൽ വ്യത്യാസം ഉണ്ടാകുന്നപക്ഷം പുതുക്കിയ ഭരണാനുമതി നേടണമെന്നാണ് വ്യവസ്ഥ. പ്രവൃത്തിക്കായി ആദ്യം സോയിൽ ടെസ്റ്റ് നടത്തിയ എൽ.ബി.എസ് സെന്റർ 10 മീറ്റർ ആഴത്തിൽ ബോർഡ് പൈൽ ഫൗണ്ടേഷൻ നിർദ്ദേശിക്കുകയും ഇതനുസരിച്ച് |

| | | | | |
|---|---|---|---|---|
| | | | പൈലിങ്ങിനുള്ള വ്യവസ്ഥ ഉൾപ്പെടുത്താതെ ടെണ്ടർ നടത്തുകയും വർക്ക് നൽകുകയും ചെയ്തു | വലിയതുക ഫൗണ്ടേഷനുമാത്രം ചെലവ് വരുകയും ചെയ്യുന്ന സാഹചര്യത്തിൽ വീണ്ടും സോയിൽ ടെസ്റ്റ് നടത്തി ഫൗണ്ടേഷൻ ഡിസൈൻ പുന:പരിശോധിക്കാൻ നിർദ്ദേശിക്കുകയും ഇതനുസരിച്ച് താരതമ്യേന ചെലവുകുറഞ്ഞ അർറീംഡ് പൈലുകൾ ഉപയോഗിച്ച് ഫൗണ്ടേഷൻ ചെയ്യാൻ തീരുമാനിക്കുകയുമാണ് ഉണ്ടായത്. ഇതുമൂലം സ്ട്രക്ച്ചറിന്റെ ഉറപ്പിനോ ഈടിനോ യാതൊരു മാറ്റവും ഉണ്ടായിട്ടില്ല എന്ന് പിന്നീട് നടത്തിയ പൈൽ ലോഡ് ടെസ്റ്റിൽ നിന്നും വ്യക്തമാകുന്നുണ്ട്. ഇതുപ്രകാരം ഒരു പൈലിന് 66 ടൺ വർക്കിംഗ് ലോഡ് താങ്ങാവുന്നതാണ്. പ്രവൃത്തിയുടെ നിർവ്വഹണഘട്ടത്തിൽ ഗ്രാമപഞ്ചായത്തും, വിദ്യാലയ മാനേജ്മെന്റ് കമ്മിറ്റിയും നിർദ്ദേശിച്ചതനുസരിച്ച് പ്ലാനിൽ ചെറിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഒറിജിനൽ ഉണ്ടായിരുന്ന സ്റ്റോറിന് പകരം ഗോവണി കെട്ടിടത്തിൽ ഉൾപ്പെടുത്തി, ടോയ്‌ലറ്റ് നിർമ്മാണം മേൽ പ്രവൃത്തിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രവൃത്തിയുടെ സിവിൽ പ്രവൃത്തികൾക്ക് ഭരണാനുമതി പ്രകാരം 36 ലക്ഷം രൂപയാണ് ഉള്ളത്. പൂർത്തീകരിച്ച സിവിൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം 38.06 ലക്ഷം രൂപയാണ് വന്നിട്ടുള്ളത്. അതായത് ഡീവിയേഷൻ 10%-ൽ താഴെ മാത്രമാണ്. വൈദ്യുതീകരണമുൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചപ്പോൾ ആകെ ചെലവ് 45.56 ലക്ഷം രൂപയാണ്. അതായത് 7.44 ലക്ഷം രൂപ ഭരണാനുമതി തുകയിൽ ഇപ്പോൾ ബാക്കിയുണ്ട്. ഇതുപയോഗിച്ച് ടോയ്‌ലറ്റ് നിർമ്മാണം നടത്താവുന്നതാണ്. ഇതിനായി ഗ്രാമപഞ്ചായത്ത്, വിദ്യാലയ മാനേജ്മെന്റ് കമ്മിറ്റി എന്നിവരുമായി ചർച്ച നടത്തി തീരുമാനം എടുക്കാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള തൃക്കുന്നപ്പുഴ ഗവൺമെന്റ് എൽ.പി. സ്കൂളിലെ പുതിയ അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണ ജോലി (ജൂൺ 2015) 0.44 കോടി രൂപയ്ക്ക് ശ്രീ. പി. ഐ. നൗഷാദിന് നൽകിയത് സംബന്ധിച്ച്<br><br>ആവശ്യമായ പൈലിങ് ഫൗണ്ടേഷൻ പരിഗണിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഇത് മൂലം അവശ്യം വേണ്ട ചില നിർമ്മാണങ്ങൾ ഒഴിവാക്കേണ്ടി വരികയും കെട്ടിടത്തിന്റെ ഘടനാപരമായ സ്ഥിരതയിൽ വീട്ടുവീഴ്ച ചെയ്യേണ്ടി വരികയുമുണ്ടായി. | തീരദേശ വികസന കോർപ്പറേഷൻ നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ ഡിസൈൻ ഉൾപ്പെടെയുള്ള സാങ്കേതിക കാര്യങ്ങളിൽ അന്തിമ തീരുമാനം കൈക്കൊള്ളേണ്ട ഉത്തരവാദിത്വം ചീഫ് എഞ്ചിനീയറുടേതാണ്. സോയിൽ ടെസ്റ്റ് നടത്തുന്ന ഏജൻസിയുടെ ഉത്തരവാദിത്വം മണ്ണിന്റെ ഘടനയും ഉറപ്പും വ്യക്തമാക്കുന്ന ബോർഹോൾ പ്രൊഫൈലും SPT വാല്യുവും തയ്യാറാക്കിത്തരികയാണ് എന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ തീരദേശ വികസന കോർപ്പറേഷന്റെ സ്ട്രക്ച്ചറൽ എഞ്ചിനീയറാണ് ഫൗണ്ടേഷൻ ഡിസൈൻ തയ്യാറാക്കുന്നത്. ചീഫ് എഞ്ചിനീയർ അത് അംഗീകരിച്ച് സാങ്കേതിക അനുമതി നൽകുകയും ചെയ്യുന്നു. ഇത്തരത്തിൽ താനൂർ സ്കൂൾ കെട്ടിടത്തിന് വെൽഫൗണ്ടേഷനാണ് നൽകിയിട്ടുള്ളത്. താരതമ്യേന ഉറച്ച മണൽ കലർന്നുള്ള മണ്ണായതുകൊണ്ട് ഇവിടെ ഇത്തരം ഫൗണ്ടേഷൻ അനുയോജ്യമാണെന്ന് അന്നത്തെ ചീഫ് എഞ്ചിനീയർക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സാങ്കേതിക അനുമതി നൽകിയിട്ടുള്ളത്. കെട്ടിടം നിർമ്മിച്ച് 3 വർഷത്തോളം ആയെങ്കിലും ആയതിന് യാതൊരുവിധ കേടുപാടുകളും ഇല്ല എന്നുള്ളത് ശരിയായ ഫൗണ്ടേഷൻ തന്നെയാണ് ചെയ്തിട്ടുള്ളത് എന്നതിന് തെളിവാണ്. |

Girija Kumari

GIRIJA KU[illegible]
Jo[illegible]
Fisheries And Ports [illegible]
Govt. Secretariat